No. CEE/5500/2017/KEAM-2018/TA1


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001


# വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശനപ്പരീക്ഷ – 2018
## ഉത്തര സൂചികകൾ പ്രസിദ്ധീകരിച്ചു

2018 ഏപ്രിൽ 23, 24 തീയതികളിൽ നടന്ന എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷയുടെ ഉത്തരസൂചികകൾ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ഉത്തരസൂചികകൾ www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരസൂചികകൾ സംബന്ധിച്ച് ആക്ഷേപമുള്ള പരീക്ഷാർത്ഥികൾ പരാതിയോടൊപ്പം അനുബന്ധ രേഖകളും, ആക്ഷേപമുന്നയിക്കുന്ന ഓരോ ചോദ്യത്തിനും 100 രൂപ ഫീസ് എന്ന ക്രമത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റും സഹിതം 30.04.2018 (തിങ്കളാഴ്ച)ക്കുള്ളിൽ തപാൽ വഴിയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ലഭ്യമാക്കേണ്ടതാണ്.

നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതും, നിശ്ചിത ഫീസില്ലാതെ ലഭിക്കുന്നതും ഇ-മെയിൽ, ഫാക്സ് എന്നിവ മുഖാന്തിരം ലഭിക്കുന്നതുമായ പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഉന്നയിച്ചിരിക്കുന്ന ആക്ഷേപം ശരിയാണെന്ന് ബോധ്യപ്പെട്ടാൽ ആ ചോദ്യത്തിനു വേണ്ടി നൽകിയ തുക തിരികെ നൽകുന്നതാണ്.

പ്രവേശന പരീക്ഷാകമ്മീഷണർ

**തിരുവനന്തപുരം**
**24.04.2018**